**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **23-01-2025 - ൽ മറുപടിയ്ക്ക്**

**സ്കിൻ ബാങ്ക് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അപകടങ്ങളിലും പൊള്ളലേറ്റും കേടുപാടുകൾ സംഭവിക്കുന്ന ത്വക്കിനുപകരം ത്വക്ക് മാറ്റിവയ്ക്കുന്ന അതിനൂതനമായ ശസ്ത്രക്രിയാസംവിധാനം സംസ്ഥാനത്താരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മുറിവും പൊള്ളലും ഏറ്റവർക്ക് സ്വന്തം ശരീര ത്തിൽ നിന്നും ത്വക്ക് മാറ്റിവയ്ക്കുന്ന ഓപ്പറേഷൻ ഇപ്പോഴും മെഡിക്കൽ കോളേജ് ആശുപത്രികളിൽ നടക്കുന്നുണ്ട്. എന്നാൽ പൊള്ളൽ കാരണം ശരീരത്തിലെ വളരെയധികം ത്വക്ക് നഷ്ടപ്പെട്ടിട്ടുള്ളവരുടെ കാര്യത്തിൽ പരിമിതികൾ ഉണ്ട്. മരിച്ച ആൾക്കാരിൽ നിന്നും ത്വക്ക് ശേഖരിച്ച് സംസ്കരിച്ച് സൂക്ഷിച്ച് വച്ച് ആവശ്യമുള്ള രോഗികൾക്ക് വച്ച് പിടിപ്പിക്കുന്ന അതി നൂതന ശസ്ത്രക്രിയാ സംവിധാനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന തിനുള്ള അവസാനഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. ആയത് ഉടനെ നിലവിൽ വരും. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിലും സ്കിൻ ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അവയവദാന പ്രക്രിയയിലൂടെ ത്വക്ക് ലഭ്യമാക്കുന്നതിനായി കെ-സോട്ടോയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | ഉപകരണങ്ങളുടെയും സ്ഥലത്തിന്റെയും പരിശോധനയ്ക്ക് ശേഷം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് ആരംഭിക്കുന്നതിന് കെ-സോട്ടോയുടെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | സ്കിൻ ബാങ്ക് ആരംഭിക്കുന്നതിന് എന്തെല്ലാം അനുമതികളാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സ്കിൻ ബാങ്ക് ആരംഭിക്കുന്നതിനായി ആശുപത്രിയിൽ പ്രസ്തുത സൗകര്യം ഉണ്ടോ എന്ന് വിദഗ്ധ സംഘം പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ- സോട്ടോ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആന്റ് ടിഷ്യൂ ആക്ടിലെ ഫോം നമ്പർ 16 ൽ നൽകുന്ന അനുമതിയാണ് ആവശ്യമുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് എവിടെയാണ് സ്കിൻ ബാങ്ക് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്; എങ്കിൽ അതിനായി സ്റ്റാൻഡേർഡ് ഗൈഡ് ലൈൻ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ആണ് സംസ്ഥാനത്തെ ആദ്യ ത്വക്ക് ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടി ആശുപത്രിയ്ക്ക് നിലവിൽ ത്വക്ക് മാറ്റി വയ്ക്കുന്നതിനും ത്വക്ക് ബാങ്ക് തുടങ്ങുന്നതിനുമുള്ള ലൈസൻസ് ഉണ്ട്. സ്റ്റാൻഡേർഡ് ഗൈഡ് ലൈൻസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് കൂടുതൽ ശക്തിപകരാൻ സ്കിൻ ബാങ്ക് സംവിധാനത്തിനും അതിനൂതന സ്കിൻ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ഇ) | ആരോഗ്യ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് കൂടുതൽ ശക്തിപകരാൻ സ്കിൻ ബാങ്ക് സംവിധാനത്തിന് കഴിയും. ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് സംസ്കരിച്ച് സൂക്ഷിച്ച് വച്ച് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് സ്കിൻ ബാങ്കിലൂടെ ചെയ്യുന്നത്. അപകടങ്ങളാലും പൊള്ളലേറ്റും ത്വക്കിന് കേട് പാടുകൾ സംഭവിച്ചവർക്ക് പകരം ത്വക്ക് വച്ച് പിടിപ്പിച്ചാൽ അണുബാധ ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കി ജീവൻ രക്ഷിക്കാൻ കഴിയും. കൂടാതെ രോഗികളെ വൈരൂപ്യത്തിൽ നിന്നും രക്ഷിക്കാനും ആകും. ഇപ്രകാരം ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് കൂടുതൽ ശക്തി പകരാൻ ത്വക്ക് ബാങ്ക് സംവിധാനത്തിനും അതിനൂതന ത്വക്ക് മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കും കഴിയും . |

സെക്ഷൻ ഓഫീസർ